പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1304

13 /12/2012 - ൽ മറുപടിക്ക്

## റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ

ചോദ്യം

പ്രൊഫ.സി.രവീന്ദ്രനാഥ്

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്.
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) റേഷൻ കടകളിലൂടെ എ.പി.എൽ., ബി.പി.എൽ വിഭാഗങ്ങൾക്ക് ഏതെല്ലാം നിരക്കിൽ എത്ര കിലോ ഗ്രാം വീതം ഭക്ഷ്യധാന്യങ്ങളാണിപ്പോൾ വിതരണം ചെയ്തു വരുന്നതെന്ന് വിശദമാക്കാമോ;

(എ) 2012 ഡിസംബർ മാസത്തിൽ വിതരണത്തിനായി അനുവദിച്ചിട്ടുളള ഭക്ഷ്യധാന്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Category | Price/Kg | Qnty(Kg) |
|---|---|---|
| APL Rice-Non Subsidy | Rs.8.90 | 10 |
| APL Rice Subsidy | Rs.2 | 09 |
| APL Wheat - Non Subsidy | Rs.6.70 | 03 |
| APL Wheat Subsidy | Rs.2 | 02 |
| BPL Rice | Rs.1 | 25 |
| BPL Wheat | Rs.2 | 08 |
| AAY Rice | Rs.1 | 35 |

ബി) ഇവ ഓരോ ഇനവും അർഹതപ്പെട്ട എല്ലാവർക്കും വിതരണം ചെയ്യുന്നതിന് പ്രതിമാസം വേണ്ടി വരുന്ന മൊത്തം അളവ് എത്രയാണെന്ന് വിശദമാക്കാമോ; കഴിഞ്ഞ ഒരു വർഷം റേഷൻ കടകളിലൂടെ ഇവ ഓരോന്നും പ്രതിമാസം വിതരണം ചെയ്തത് സംബന്ധിച്ച വിശദാംശങ്ങൾ സബ്സിഡി ചെലവ് സഹിതം വെളിപ്പെടുത്താമോ;

(ബി) കേന്ദ്രസർക്കാർ അനുവദിക്കുന്ന അളവിന് അനുസൃതമായി വിതരണത്തിന്റെ തോത് നിശ്ചയിച്ചു നല്കുകയാണ് ചെയ്യുന്നത്. 2012 ജനുവരി മുതൽ ഓരോ മാസവും റേഷൻകടകളിലൂടെ വിതരണത്തിനായി അനുവദിച്ച അരിയുടെയും ഗോതമ്പിന്റെയും അളവ്, സബ്സിഡി തുക എന്നിവയുടെ വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ഒരു കിലോഗ്രാമിന് രണ്ട് രൂപ നിരക്കിൽ എ.പി.എൽ., ബി.പി. എൽ. വ്യത്യാസമില്ലാതെ എല്ലാ വർക്കും റേഷൻകടകളിലൂടെ 25 കിലോ അരി വിതരണം ചെയ്തപ്പോൾ പ്രതിമാസം സബ്സിഡി ഇനത്തിൽ ചെലവായ തുക എത്രയായിരുന്നു; ഒരു രൂപ നിരക്കിൽ 25 കിലോ അരി ബി.പി.എൽ. കാർഡുടമകൾക്കു മാത്രം നല്കിയതിന് സബ്സിഡി ഇനത്തിൽ പ്രതിമാസം ചെലവായ തുക എത്രയെന്നും വിശദമാക്കാമോ?

(സി) ഒരു കിലോഗ്രാമിന് 2/-രൂപ നിരക്കിൽ എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ 25 കിലോഗ്രാം അരി വിതരണം ചെയ്തിരുന്നില്ല.

ബി.പി.എൽ. കാർഡുടമകൾക്ക് 25 കിലോഗ്രാം അരി ഒരു രൂപ നിരക്കിൽ വിതരണം ചെയ്തതിന് ചെലവായ തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

BPL RICE

| Month | Qnty Allotted | Subsidy Utilized. |
|---|---|---|
| Jan-12 | 36008 | 187241600 |
| Feb-12 | 36008 | 187241600 |
| Mar-12 | 36008 | 187241600 |
| Apr-12 | 26566 | 138143200 |
| May-12 | 26566 | 138143200 |
| Jun-12 | 26566 | 138143200 |
| Jul-12 | 43562 | 226522400 |
| Aug-12 | 43562 | 226522400 |
| Sep-12 | 35064 | 182332800 |
| Oct-12 | 35064 | 182332800 |
| Nov-12 | 35064 | 182332800 |
| Dec-12 | 37745 | 196274000 |
| | 417783 | 2172471600 |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ